# യോഹന്നാന്റെ ജീവപഠനം

## ദൂത് ഒമ്പത്

## സന്മാർഗ്ഗികളുടെ ആവശ്യം ജീവനാലുള്ള വീണ്ടുംജനനം

## (2)

### *3. ജഡം ജഡത്തെ ജനിപ്പിക്കുന്നു*

പുതുതായി ജനിക്കുകയെന്നാൽ, അമ്മയുടെ ഉദരത്തിലേക്ക് തിരികെപോയി വീണ്ടും പുറത്തുവരുന്നതാണെന്ന് നിക്കോദേമൊസ് വിചാരിച്ചു. അങ്ങനെ സംഭവിച്ചാൽപോലും അവൻ ജഡംതന്നെ ആയിരിക്കുമെന്ന് അവൻ മനസ്സിലാക്കിയില്ല. ഒരു വ്യക്തി അമ്മയുടെ ഉദരത്തിൽനിന്ന് എത്ര പ്രാവശ്യം ജനിച്ചാലും അവൻ ജഡംതന്നെ ആയിരിക്കും, കാരണം ജഡം ജഡത്തെ ജനിപ്പിക്കുന്നു. അതുകൊണ്ട് കർത്താവ് നിക്കോദേമൊസിനോട് ജഡത്തിൽനിന്നു ജനിച്ചത് ജഡമാകുന്നു എന്നു പറഞ്ഞു(3:6). സ്വാഭാവിക ജീവനോടുകൂടിയ സ്വാഭാവിക മനുഷ്യനെയാണ് ഇവിടെ ജഡം സൂചിപ്പിക്കുന്നത്. നമ്മുടെ മാതാപിതാക്കളിൽനിന്ന് നാം എത്ര തവണ ജനിച്ചാലും, നാം സ്വാഭാവിക ജീവനോടുകൂടിയ സ്വാഭാവിക മനുഷ്യർതന്നെ ആയിരിക്കും. നമ്മുടെ സ്വഭാവത്തിന് മാറ്റം വരുത്തുവാൻ ഇതിനു ഒരിക്കലും കഴിയുകയില്ല. പുതുതായി ജനിക്കുക എന്നാൽ, നമ്മുടെ മാതാപിതാക്കളിൽനിന്ന് വീണ്ടുംജനിക്കുകയല്ല, മറിച്ച് ദിവ്യസ്വഭാവത്തോടുകൂടിയ ദിവ്യജീവൻ ലഭിക്കേണ്ടതിന്, ആത്മാവാകുന്ന ദൈവത്താൽ ജനിക്കുകയാണ്. ഈ ദിവ്യജീവൻ നമ്മുടെ സ്വാഭാവിക പ്രകൃതത്തോടുകൂടിയ സ്വാഭാവിക ജീവനിൽനിന്ന് തികച്ചും വ്യത്യസ്തമാണ്.

### *4. ആത്മാവ് ആത്മാവിനെ ജനിപ്പിക്കുന്നു*

പുതുതായി ജനിക്കുക എന്നാൽ ആത്മാവിൽനിന്ന് നമ്മുടെ ആത്മാവിൽ ജനിക്കുകയാണ്. ദൈവത്തിന്റെ ദിവ്യജീവനോടുകൂടെ ദിവ്യാത്മാവ് നമ്മുടെ മനുഷ്യാത്മാവിനെ വീണ്ടുംജനിപ്പിക്കുന്നു. വീണ്ടും

ജനനം, അതായത്, ദിവ്യജീവനെ സ്വീകരിക്കുക എന്നത്, തികച്ചും നമ്മുടെ ആത്മാവിൽ സംഭവിക്കുന്ന ഒരു കാര്യമാണ്. ഈ പ്രത്യേക ഉദ്ദേശ്യത്തിനുവേണ്ടി ദൈവം നമ്മുടെ ആത്മാവിനെ മെനഞ്ഞു. മനുഷ്യാത്മാവ് എന്ന ഒരു പ്രത്യേക അവയവം നമ്മുടെ ഉള്ളിൽ ആഴത്തിൽ നമുക്കുണ്ട്. ഒരു ദിവസം നാം നമ്മുടെ ആത്മാവിനെ പ്രയോഗിച്ചുകൊണ്ട്, അവനോട് ബന്ധപ്പെടുകയും, നമ്മുടെ ആളത്തത്തിലേക്ക് അവനെ സ്വീകരിക്കുകയും വേണം എന്ന ലക്ഷ്യത്തോടെ, ദൈവം തന്റെ സൃഷ്ടിപ്പിൽ നമ്മെ ഒരു ആത്മാവോടുകൂടെ മെനഞ്ഞു. ദൈവവുമായി ബന്ധപ്പെടുക എന്നതാണ് മനുഷ്യാത്മാവിന്റെ പ്രവൃത്തി. വീണ്ടുംജനനം നമ്മുടെ മനസ്സിനെയോ വികാരത്തെയോ ഇച്ഛാശ ക്തിയെയോ സംബന്ധിച്ച ഒരു കാര്യമല്ല, ഇത് തികച്ചും നമ്മുടെ ആത്മാവിലുള്ള ഒരു കാര്യമാണ്. "അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്,"എന്ന് യോഹന്നാൻ 1:12-ഉം 13-ഉം പറയുന്നു. നമ്മുടെ ആളത്തത്തിന്റെ ഏതു ഭാഗത്താണ് നാം ദൈവത്തിൽനിന്ന് ജനിച്ചത്? നമ്മുടെ ആത്മാവിൽ; ആത്മാവിൽനിന്ന് ജനിച്ചത് ആത്മാവാകുന്നു. ദൈവം ആത്മാവാകുന്നു; ആത്മാവിനു മാത്രമേ ആത്മാവിനെ സ്പർശിക്കുവാൻ സാധിക്കൂ. ഒരു ആത്മാവിനു മാത്രമേ ഒരു ആത്മാവിൽനിന്ന് ജനിക്കുവാൻ കഴിയൂ. അതുകൊണ്ട് വീണ്ടുംജനനം പൂർണ്ണമായും നമ്മുടെ ആത്മാവിലുള്ള ഒരു കാര്യമാണ്. നിങ്ങൾക്ക് സുബോധമുള്ള മനസ്സും ശരിയായ വികാരവും ശക്തമായ ഇച്ഛയും ഉണ്ടോ, എന്നത് ഇവിടെ പ്രസക്തമല്ല. ഇത്തരം കാര്യങ്ങൾ മറ്റൊരു മണ്ഡലത്തിലാണ്. വീണ്ടുംജനനം നമ്മുടെ ആത്മാവിന്റെ മണ്ഡലത്തിൽ സംഭവിക്കുന്നു. വീണ്ടുംജനനം സംഭവിക്കുവാനുള്ള മണ്ഡലം നമ്മുടെ ആത്മാവാകുന്നു. വീണ്ടുംജനിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ മനസ്സിനെയോ, ഇച്ഛയെയോ അല്ലെങ്കിൽ വികാരത്തെയോ പ്രയോഗിക്കുന്നില്ല. നിങ്ങളെത്തന്നെ തുറന്ന്, നിങ്ങൾ എന്താകുന്നു എന്ന് മറന്ന്, അവനിൽ വിശ്വസിച്ചുകൊണ്ട്, നിങ്ങളുടെ ആത്മാവിന്റെ ആഴത്തിൽനിന്ന് കർത്താവായ യേശുവിന്റെ നാമം വിളിക്കുക. നിങ്ങൾ ഇതു ചെയ്യുന്നുവെങ്കിൽ, ആത്മാവാകുന്ന ദൈവം നിങ്ങളുടെ ആത്മാവിനെ സ്പർശിക്കും. ഇത് പെട്ടെന്ന് സംഭവിക്കും. ഒരുപക്ഷേ, ഒരു നിമിഷത്തിൽ കുറഞ്ഞ സമയംകൊണ്ടുപോലും നിങ്ങൾ നിങ്ങളുടെ ആത്മാവിന്റെ ആഴത്തിൽനിന്ന് നിങ്ങളെത്തന്നെ തുറന്ന് കർത്താവായ യേശുവിന്റെ നാമം വിളിക്കുന്നുവെങ്കിൽ, ആ നിമിഷത്തിൽതന്നെ, ആത്മാവാകുന്ന ദൈവം നിങ്ങളുടെ ആത്മാവിൽ പ്രവേശിച്ച് നിങ്ങളെ വീണ്ടുംജനിപ്പിക്കും. പുനർജനിക്കുന്ന ഒരു കുഞ്ഞിന്റെ പ്രസവം വളരെ വേഗം സംഭവിക്കുന്നു. അവിടെ ഒരു ആയയുടെയോ നേഴ്സി

ന്റേയോ ഡോക്ടറുടെയോ ആവശ്യമില്ല."കർത്താവായ യേശുവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു,"എന്ന് നിങ്ങൾ പറയുമ്പോൾ, നിങ്ങൾ നിങ്ങളുടെ ആത്മാവിൽ വീണ്ടുംജനിക്കുന്നു.

"ജഡത്തിൽനിന്ന് ജനിച്ചത് ജഡമാകുന്നു; ആത്മാവിൽനിന്ന് ജനിച്ചത് ആത്മാവാകുന്നു,"എന്ന് 6-ാം വാക്യത്തിൽ കർത്താവു പറഞ്ഞു. വീണ്ടുംജനനം, ജഡത്തെ ഉളവാക്കുന്നതായ ജഡത്തിൽനിന്നുള്ള ജനനം അല്ല. വീണ്ടുംജനനം ദൈവത്തിന്റെ ആത്മാവായ ആത്മാവിൽനിന്നുള്ള, ഒരു ജനനമാണ്; അത് ആത്മാവിനെ, നമ്മുടെ വീണ്ടും ജനിച്ച ആത്മാവിനെ ഉളവാക്കുന്നു. നമ്മുടെ പ്രാകൃത മനുഷ്യൻ, പഴയമനുഷ്യൻ, നമ്മുടെ പുറമേയുള്ള മനുഷ്യൻ, ജഡമായ നമ്മുടെ മതാപിതാക്കളിൽനിന്നു ജനിച്ച ജഡം ആണ്. എന്നാൽ ആത്മാവാകുന്ന ദൈവത്തിൽനിന്ന് ജനിച്ച ആത്മാവ്, നമ്മുടെ വീണ്ടുംജനിച്ച ആത്മാവ് ആണ് നമ്മുടെ ആത്മീയ മനുഷ്യൻ, നമ്മുടെ പുതുമനുഷ്യൻ, നമ്മുടെ ആന്തരിക മനുഷ്യൻ അല്ലെങ്കിൽ അകത്തെ മനുഷ്യൻ(2 കൊരി.4:16, എഫെ.3:16). നാം നമ്മുടെ മാതാപിതാക്കളിൽനിന്ന് ജനിച്ചപ്പോൾ, നാം ജനിച്ച ജഡമായിരുന്നു. ആത്മാവാകുന്ന ദൈവത്തിൽനിന്ന് വീണ്ടുംജനിച്ചപ്പോൾ, നാം ജനിച്ച ആത്മാവായിരുന്നു. ആത്മാവിന്റെ സ്വഭാവം ജഡത്തിന്റെ സ്വഭാവത്തിൽനിന്ന് വ്യത്യസ്തമാണ്. ജഡത്തിന്റെ സ്വഭാവം മാനുഷികമായി ജനിച്ചു. എന്നാൽ ആത്മാവിന്റെ സ്വഭാവം ദിവ്യമായി ജനിച്ചു. നാം വീണ്ടുംജനിക്കുന്നതിനു മുമ്പ് നാം നമ്മുടെ ജഡത്താൽ ജീവിച്ചു; നമ്മുടെ ആളത്തം നമ്മുടെ ജഡത്തിലായിരുന്നു. നമ്മുടെ ആത്മാവ് മരിച്ചതായിരുന്നു. വീണ്ടുംജനനത്താൽ, നമ്മുടെ മരിച്ച ആത്മാവ് ഉയിർത്തു, ജീവനുള്ളതാക്കപ്പെട്ടു എന്നു മാത്രമല്ല, ആത്മാവിനാൽ ദൈവത്തിന്റെ ദിവ്യജീവൻ നല്കപ്പെട്ടതും ആയിരുന്നു. ഇപ്പോൾ നമ്മുടെ ആത്മാവ്, വീണ്ടുംജനിച്ച ആത്മാവാണ്. അത്, നമ്മുടെ പുതിയ ആളത്തമായിത്തീരുന്നു. മുമ്പ് നമ്മുടെ ജഡമായിരുന്നു നമ്മുടെ ആളത്തം; നാം ആ ജഡത്താൽ ജീവിച്ചു. ഇപ്പോൾ ആത്മാവാണ് നമ്മുടെ ആളത്തം. നാം ആ ആത്മാവിനാൽ ജീവിക്കുന്നു. 6-ാം വാക്യത്തിലെ ആദ്യത്തെ ആത്മാവ്, ദൈവത്തിന്റെ പരിശുദ്ധാത്മാവാകുന്ന ദിവ്യാത്മാവാണ്. രണ്ടാമത്തെ ആത്മാവ്, മനുഷ്യന്റെ വീണ്ടുംജനിച്ച ആത്മാവായ മനുഷ്യാത്മാവാണ്. ദൈവത്തിന്റെ സൃഷ്ടിക്കപ്പെടാത്ത, നിത്യജീവനോടുകൂടെ ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നമ്മുടെ മനുഷ്യാത്മാവിൽ വീണ്ടുംജനനം സംഭവിക്കുന്നു. വീണ്ടുംജനിക്കുക എന്നാൽ നമ്മുടെ പുതിയ ആളത്തത്തിന്റെ പുതിയ ഉറവിടവും പുതിയ മൂലകവും എന്ന നിലയിൽ ദിവ്യമായ നിത്യജീവൻ പ്രാപിക്കുകയാണ്.

ദൈവജീവനോടുകൂടെ ദൈവത്തിന്റെ ആത്മാവിൽനിന്ന് നമ്മുടെ ആത്മാവ് ജനിച്ചാൽ, അതിലും അതിനോട് ഇഴുകിച്ചേർന്നും ദൈവ

ജീവനോടുകൂടെ ദൈവത്തിന്റെ ആത്മാവ് ഉണ്ട്. അതുകൊണ്ട് അത് ഇഴുകിച്ചേർന്ന ആത്മാവായിത്തീരുന്നു-"ആത്മാവ്....നമ്മുടെ ആത്മാവോടുകൂടെ,"എന്ന് റോമർ 8:16 പറയുന്നതുപോലെ, നമ്മുടെ മനുഷ്യാത്മാവ് ദൈവത്തിന്റെ ദിവ്യാത്മാവിനോട് ഇഴുകിച്ചേരുന്നു. ഈ ഇഴുകിച്ചേർന്ന ആത്മാവിലാണ് നാം കർത്താവിനോട് "ഏകാത്മാവ്" ആയിരിക്കുന്നത്(1 കൊരി.6:17). ഇത് ഇത്തരത്തിലുള്ള ഒരു ഇഴുകിച്ചേർന്ന ആത്മാവായതുകൊണ്ട് റോമർ 8:4-6,10; ഗലാത്യർ 5:16,25; എഫെസ്യർ 4:23; 6:18 തുടങ്ങിയ പുതിയനിയമത്തിലെ അനേക ഭാഗങ്ങളിൽ ആത്മാവ് എന്ന പദം സൂചിപ്പിക്കുന്നത് ദൈവത്തിന്റെ ദിവ്യാത്മാവിനെയാണോ അല്ലെങ്കിൽ മനുഷ്യാത്മാവിനെയാണോ എന്ന് പറയുവാൻ ബുദ്ധിമുട്ടാണ്. ഇപ്പോൾ ഈ രണ്ട് ആത്മാക്കളും നമ്മുടെ ഉള്ളിൽ ഒന്നായി ഇഴുകിച്ചേർന്നിരിക്കുന്നു. ഈ ഇഴുകിച്ചേരൽ വീണ്ടുംജനനത്തിൽനിന്ന് വരുന്നു. വീണ്ടുംജനനം ദൈവത്തിന്റെ ദിവ്യാത്മാവ് നിവസിക്കുകയും ഇഴുകിച്ചേരുകയും ചെയ്യുന്നതായ പുതിയ ആത്മാവിനെ ഉളവാക്കുന്നു(യെഹെ.36:26). ഉള്ളിൽ ദൈവത്തിന്റെ ദിവ്യജീവൻ ഉള്ള ഈ ആത്മാവ് ഇപ്പോൾ നമ്മുടെ പുതിയ ആളത്തമാണ്. അതിനാൽ നാം ജീവിക്കുകയും നടക്കുകയും വേണം(ഗലാ.5:16; റോമ.8:4). നാം വീണ്ടുംജനിച്ച വ്യക്തികൾ ആയിരിക്കുന്നത് ഈ ആത്മാവിലാണ്.

ദൈവത്തിന്റെ വചനത്താൽ നാം വീണ്ടുംജനിച്ചു എന്നു പറയുന്നതും ശരിയാണ്. എന്നിരുന്നാലും, എഴുതപ്പെട്ട വചനത്തിന് നമ്മെ വീണ്ടുംജനിപ്പിക്കുവാൻ സാധിക്കുകയില്ലെന്ന് നാം മനസ്സിലാക്കണം. ആത്മാവാകുന്ന വചനത്തിനുമാത്രമേ അതു ചെയ്യുവാൻ കഴിയൂ(യോഹ.6:63). ദൈവവും, വചനവും, ആത്മാവും-എല്ലാം നമ്മെ വീണ്ടും ജനിപ്പിക്കുന്ന ആത്മാവ് ആയിരിക്കണം. ദൈവംതന്നെയാണ് വീണ്ടും ജനനത്തിൽ ആത്മാവ്. വചനവും ആത്മാവുതന്നെ ആയിരിക്കണം. നാം സുവിശേഷം പ്രസംഗിക്കുമ്പോൾ എന്തുതന്നെ പ്രസംഗിച്ചാലും, അത് ആത്മാവിലായിരിക്കണം. കാരണം ആത്മാവാണ് ജനത്തിൻെറ ആത്മാവിൽ അവർക്ക് ജീവൻ നൽകുന്നത്.

വീണ്ടുംജനനം എന്താണെന്ന് സമഗ്രമായി മനസ്സിലാക്കുക വിഷമകരമാണ്. കാരണം ഇത് പരിശുദ്ധാത്മാവിനാലും പരിശുദ്ധാത്മാവോടുകൂടെയും പരിശുദ്ധത്മാവിലും നടക്കുന്ന ഒരു കാര്യമാണ്. പരിശുദ്ധാത്മാവ് എന്താണ് എന്ന് നിർവചിക്കുന്നതും വിഷമകരമാണ്. പരിശുദ്ധാത്മാവ് ഇവിടെയുണ്ട്. നിങ്ങൾക്ക് അവനെ നിർവചിക്കുവാൻ കഴിയുമോ? അവൻ ഇവിടെയുള്ളവനും സ്ഥിരമായിട്ടുള്ളവനും എപ്പോഴുമുള്ളവനും പ്രബലനും സമീപസ്ഥനുമാണ്. എന്നിരുന്നാലും, ആത്മാവിൽനിന്ന് നിങ്ങൾക്ക് ജനിക്കണമെങ്കിൽ ചില നിബന്ധനകൾ നിവർത്തിക്കണം. ആദ്യത്തെ നിബന്ധന നിങ്ങൾ അനുതപിച്ച്,

ഒരു പാപിയാണെന്ന് ഏറ്റുപറയുക എന്നതാണ്. പിന്നീട്, നിങ്ങൾ കർത്താവായ യേശുവിൽ വിശ്വസിക്കുകയും അവനെ വിളിച്ചപേക്ഷിക്കുകയും വേണം. നിങ്ങൾ കേവലം അധരങ്ങളും നാവും തൊണ്ടയും കൊണ്ട് വിളിക്കുകയല്ല, നിങ്ങളുടെ ആളത്തത്തിന്റെ ആഴങ്ങളെ തുറന്നുകൊണ്ട്, നിങ്ങളുടെ ആത്മാവിന്റെ ഉള്ളിൽനിന്ന്, "കർത്താവായ യേശുവേ, ഞാൻ നിന്നിൽ വിശ്വസിക്കുന്നു"എന്നു പറയണം. നിങ്ങൾ ഇപ്രകാരം ചെയ്യുമ്പോൾ, പെട്ടെന്ന് ദിവ്യാത്മാവ് നിങ്ങളുടെ ഉള്ളിലേക്ക് പ്രവേശിക്കും. അവൻ നിങ്ങളിലേക്ക് വരുമ്പോൾ ക്രിസ്തുതന്നെയാണ് നിങ്ങളിലേക്ക് വരുന്നത്. ഇത് ത്രിയേകദൈവം നിങ്ങളിലേക്ക് വരുന്നതുകൂടിയാകുന്നു. പരിശുദ്ധാത്മാവ്, ക്രിസ്തുതന്നെയാണ്. സത്യത്തിൽ, പരിശുദ്ധാത്മാവ് ത്രിയേകദൈവം തന്നെയാണ്. പിതാവ് പുത്രനിലാകുന്നു, പുത്രൻ ഇന്ന് ആത്മാവാകുന്നു(2 കൊരി.3:17). ആത്മാവ് നിങ്ങളിലേക്കു വരുമ്പോൾ പിതാവും പുത്രനും കൂടി നിങ്ങളിലേക്കു വരുന്നു. അങ്ങനെ നിങ്ങൾ വീണ്ടും ജനിച്ച സമയം മുതൽ പിതാവും പുത്രനും ആത്മാവും നിങ്ങളിലുണ്ട്. ഈ ത്രിയേകദൈവമാണ് ദിവ്യജീവൻ. ദിവ്യജീവൻ ത്രിയേകദൈവത്തിൽനിന്നും വ്യതിരിക്തമല്ല. നിങ്ങൾ വീണ്ടുംജനിക്കുന്ന ആ നിമിഷം മുതൽ തന്നെ, നിങ്ങൾക്കു നിങ്ങളുടെ ദിവ്യജീവനായി ത്രിയേകദൈവം നിങ്ങളുടെ ആത്മാവിൽ ഉണ്ട്. ഇപ്പോൾ നിങ്ങൾക്ക് രണ്ടു ജീവനുണ്ട്: നിങ്ങളുടെ ജഡത്തിൽ മാനുഷിക ജീവനും നിങ്ങളുടെ ആത്മാവിൽ ദിവ്യജീവനും.

### *5. ആത്മാവിൽനിന്നു ജനിക്കുന്നവൻ കാറ്റുപോലെ*

"കാറ്റ് ഇഷ്ടമുള്ളയിടത്ത് വീശുന്നു. അതിന്റെ ശബ്ദം നീ കേൾക്കുന്നു. എങ്കിലും അത് എവിടെനിന്നു വരുന്നു എന്നും എവിടേക്ക് പോകുന്നു എന്നും നിങ്ങൾ അറിയുന്നില്ല; ആത്മാവിൽനിന്നു ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു"എന്ന് യോഹന്നാൻ 3:8 പറയുന്നു. കാറ്റ് എന്നതിന്റെ ഗ്രീക്കു പദമായ *ന്യൂമ* തന്നെയാണ് ആത്മാവ് എന്ന വാക്കിനുമുള്ളത്. കാറ്റിനെയാണോ ആത്മാവിനെയാണോ അത് അർത്ഥമാക്കുന്നത് എന്നത് സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നു. അത് വീശുന്നുവെന്നും അതിന്റെ ശബ്ദം കേൾക്കുവാൻ കഴിയുമെന്നുമാണ് ഇവിടുത്തെ സന്ദർഭം പറയുന്നത്. അത് കാറ്റാകുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. വീണ്ടുംജനിച്ച ഒരു വ്യക്തി കാറ്റുപോലെയാണ്; അത് അനുഭവിച്ചറിയുവാൻ കഴിയും, എന്നാലും മനസ്സിലാക്കാവുന്നതിലുമപ്പുറമാണ്. വീണ്ടുംജനനം ഒരു ഭൗതികകാര്യമല്ല, *ന്യൂമ*പോലെ ഒരു ആത്മീയ കാര്യമാണ്. അത് കാറ്റുപോലെ ആണ്. കാറ്റ് സ്പർശിക്കാനാവാത്തതാണ്. കാറ്റ് സ്പർശിക്കാനാവാത്തതാണെങ്കിലും അത് അനുഭവിച്ചറിയുവാൻ കഴിയും. വീണ്ടുംജനിച്ച ആത്മാവ്, കാറ്റുപോലെ, ഭൗതികമോ സ്പർശിക്കാനാവുന്നതോ അല്ല,

അദൃശ്യവും ആത്മികവുമാണ്, എന്ന് കർത്താവ് നിക്കോദേമൊസിനോട് പറഞ്ഞു.

### *6. വീണ്ടുംജനനം ഭൂമിയിൽ സംഭവിക്കുന്ന ഒരു കാര്യം*

വീണ്ടുംജനനം ഭൂമിയിൽ സംഭവിക്കുന്നു. കർത്താവ് നിക്കോദേമൊസിനോട് ഇങ്ങനെ പറഞ്ഞു,"ഭൂമിയിലുള്ളതു നിങ്ങളോട് പറഞ്ഞിട്ട് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ സ്വർഗ്ഗത്തിലുള്ളതു നിങ്ങളോടു പറഞ്ഞാൽ എങ്ങനെ വിശ്വസിക്കും?"(3:12). ഈ വാക്യത്തിൽ "ഭൂമിയിലുള്ളത്''എന്നത്, ഭൗമിക സ്വഭാവമുള്ളത് എന്നല്ല, വീണ്ടെടുപ്പ്, വീണ്ടുംജനനം തുടങ്ങിയവയടക്കം ഭൂമിയിൽ സംഭവിക്കുന്ന കാര്യങ്ങൾ എന്നാണർത്ഥം. ഈ വാക്യത്തിൽ"സ്വർഗ്ഗത്തിലുള്ളത്"എന്നത് സ്വർഗ്ഗീയ സ്വഭാവമുള്ള കാര്യങ്ങൾ എന്നല്ല, സ്വർഗ്ഗത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ എന്നാണ് അർത്ഥം. തുടർന്നുള്ള വാക്യങ്ങളിൽ കർത്താവ്, താൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നവനും, അതേസമയം സ്വർഗ്ഗത്തിലുള്ളവനുമാകുന്നു, എന്ന് പറഞ്ഞു. സ്വർഗ്ഗത്തിൽ സംഭവിക്കുന്ന കാര്യങ്ങൾ അവൻ അറിയുന്നുവെന്ന് ഇത് സൂചിപ്പിക്കുന്നു, എന്തുകൊണ്ടെന്നാൽ അവൻ എല്ലാ സമയവും സ്വർഗ്ഗത്തിലുള്ളവനാണ്. അതേസമയം ഭൂമിയിലെ കാര്യങ്ങൾ ജനത്തോട് പറഞ്ഞുകൊണ്ട്, അവൻ ഭൂമിയിലുണ്ട്; വീണ്ടുംജനനം അവയിൽ ഒന്നാണ്.

### *7. ദൈവരാജ്യത്തിലേക്കുള്ള പ്രവേശനത്തിനുവേണ്ടി*

"ആമേൻ, ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ ആർക്കും കഴിയുകയില്ല" എന്ന് 3-ാം വാക്യത്തിൽ കർത്താവ് പറഞ്ഞു. 5-ാം വാക്യത്തിൽ "ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടക്കുവാൻ ആർക്കും കഴിയുകയില്ല"എന്നും അവൻ പറഞ്ഞു. ദൈവരാജ്യത്തിലേക്കുള്ള ഏക വാതിൽ വീണ്ടുംജനനം ആകുന്നു എന്ന് ഇവിടെ കർത്താവിന്റെ വാക്കുകൾ വ്യക്തമായി വെളിപ്പെടുത്തുന്നു. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് നാം വീണ്ടുംജനിക്കേണ്ടത് ആവശ്യമാണ്. നമുക്ക് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ മറ്റൊരു മാർഗ്ഗവുമില്ല. ദൈവരാജ്യം ദൈവത്തിന്റെ ഭരണമാകുന്നു. അതൊരു ദിവ്യമണ്ഡലമാണ്. ഈ മണ്ഡലത്തിലേക്ക് പ്രവേശിക്കുന്നതിന് ദിവ്യജീവൻ ആവശ്യമാണ്. ദിവ്യജീവനു മാത്രമേ ദിവ്യമായ കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിയൂ. അതുകൊണ്ട്, ദൈവരാജ്യം കാണുന്നതിന്, അല്ലെങ്കിൽ അതിലേക്ക് പ്രവേശിക്കുന്നതിന് ദിവ്യജീവനോടുകൂടെ വീണ്ടുംജനനം ആവശ്യമാണ്.

രാജ്യം എല്ലായ്പ്പോഴും ജീവനുമായി ബന്ധപ്പെട്ടതാണ്. സസ്യരാജ്യം സസ്യജീവനോട് ബന്ധപ്പെട്ടതും, ജന്തുരാജ്യം ജന്തുജീവനോട് ബന്ധപ്പെട്ടതുമാകുന്നു. ഒരു പ്രത്യേക തരത്തിലുള്ള രാജ്യത്തിൽ

നിങ്ങൾക്ക് പങ്കാളി ആകണമെങ്കിൽ നിങ്ങൾക്ക് ആദ്യം ആ രാജ്യത്തിലെ ജീവൻ വേണം. പറവകൾക്ക് മാത്രമേ പറവകളുടെ രാജ്യത്തിൽ പങ്കുപറ്റാനാകു, കാരണം അവയ്ക്ക് മാത്രമേ പറവയുടെ ജീവൻ ഉള്ളൂ. അതുപോലെ, മനുഷ്യനു മാത്രമേ, മനുഷ്യരുടെ രാജ്യത്തിൽ പങ്കുപറ്റാൻ കഴിയു, എന്തുകൊണ്ടെന്നാൽ അവർക്ക് മാത്രമാണ് മനുഷ്യജീവൻ ഉള്ളത്. അതുകൊണ്ട്, നമുക്കെങ്ങനെ ദൈവജീവനില്ലാതെ ദൈവരാജ്യത്തിൽ ഭാഗഭാക്കാകുവാൻ കഴിയും?

ദൈവരാജ്യം ദൈവത്തിന്റെ ഭരണം മാത്രമല്ല, ദിവ്യമായ മണ്ഡലം അഥവാ മേഖല കൂടിയാണ്. ദൈവത്തിന്റെ ഭരണത്തിൽ പങ്കുപറ്റുന്നതിനും, ദിവ്യമണ്ഡലത്തിൽ ആയിരിക്കുന്നതിനും നമുക്ക് ദൈവജീവൻ ആവശ്യമാണ്. ദിവ്യജീവൻ ഉള്ളവർക്കുമാത്രമേ ദിവ്യമണ്ഡലത്തിൽ ആയിരിക്കുവാനും ദിവ്യരാജ്യത്തിൽ പങ്കെടുക്കുവാനും കഴിയൂ. അങ്ങനെ നമുക്കു ദിവ്യജീവനുണ്ടായി ദിവ്യമണ്ഡലത്തിലേക്കുള്ള പ്രവേശനം സാദ്ധ്യമാക്കുന്നതിനും ദിവ്യരാജ്യത്തിൽ പങ്കുപറ്റുന്നതിനും നാം വീണ്ടുംജനിക്കണം. നാം വീണുപോയവരോ, പാപികളോ അല്ലായിരുന്നുവെങ്കിൽപോലും നാം വീണ്ടുംജനിക്കേണ്ട ആവശ്യമുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ മനുഷ്യജീവൻ എത്ര നല്ലതും ശുദ്ധവും നിർമ്മലവും ആയിരുന്നാലും, അതിന് ദിവ്യമണ്ഡലത്തിലെ കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവോ, ദിവ്യരാജ്യത്തിലേക്ക് പ്രവേശിക്കുവാനുള്ള യോഗ്യതയോ ഇല്ല. ദിവ്യമണ്ഡലത്തിലായിരിക്കുവാൻ യോഗ്യതയുള്ളത് ദിവ്യജീവനു മാത്രമാണ്. ദൈവജീവൻ മാത്രം ദൈവരാജ്യം ആവശ്യപ്പെടുന്നത് നിറവേറ്റുന്നു. എങ്ങനെ നമ്മുടെ മനുഷ്യജീവന് ദൈവരാജ്യത്തിന്റെ ദിവ്യകാര്യങ്ങൾ അറിയുവാൻ കഴിയും? എങ്ങനെ അതിന് ദിവ്യരാജ്യത്തിന് ചേർന്നതാകുവാൻ കഴിയും? അത് അസാദ്ധ്യമാണ്. നമുക്ക് ദിവ്യജീവൻ ആവശ്യമാണ്. വീണ്ടുംജനനമാണ് ദൈവരാജ്യത്തിലേക്കുള്ള ഏകവഴി, നിസ്തുലമായ വാതിൽ.

ദിവ്യജീവൻ നമ്മെ ദൈവരാജ്യത്തിലേക്ക് കൊണ്ടുവരുന്നു. നാം എല്ലാവരും മനുഷ്യരുടെ രാജ്യത്തിലേക്ക് ജനിച്ചു. ആരും മനുഷ്യരാജ്യത്തിലേക്ക് സ്വദേശീകരിക്കപ്പെട്ടവരല്ല. ഉദാഹരണമായി, ഒരു നായ ജനിക്കുമ്പോൾതന്നെ നായ്‌രാജ്യത്തിൽ പെട്ടവനാണ് എന്ന് അത് അറിയുന്നു. ഒരു നായ് ആയിരിക്കുന്നതിനെ സംബന്ധിച്ചതെല്ലാം അതിനറിയാം."നായ് കുട്ടീ, നീ ഒരു നായ ആകുന്നു എന്ന് നീ അറിയണം; നീ നായയുടെ രാജ്യത്തിലാകുന്നു, ഇപ്പോൾ മുതൽ എല്ലാ ദിവസവും നീ കുരയ്ക്കണം,"എന്നു പറഞ്ഞ് ആരും അതിനെ ഒരു നായ് ആയിരിക്കുവാൻ പഠിപ്പിക്കേണ്ട ആവശ്യമില്ല. ഒരു നായ് നായുടെ രാജ്യത്തിൽ ആണ്; ജന്മനാതന്നെ നായ് ആയിരിക്കുവാനുള്ള എല്ലാ കാര്യങ്ങളും അറിയുന്നു. അതുകൊണ്ടാണ് കർത്താവായ യേശു

നിക്കോദേമൊസിനോട്, ദൈവരാജ്യത്തിലേക്ക് അവൻ ജനിക്കേണ്ട തായുണ്ട് എന്നു പറഞ്ഞത്. പഠിച്ചിട്ടോ സ്വദേശീകരിക്കപ്പെട്ടിട്ടോ നമുക്ക് ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ കഴിയുകയില്ല. ഒരു പ്രത്യേക രാഷ്ട്രത്തിലെ പൗരനായി നിങ്ങൾ ദേശീകരിക്കപ്പെട്ടേക്കാം. എന്നി രുന്നാലും, ഒരു രാജ്യത്തിലേക്ക് സ്വദേശീകരിക്കപ്പെടുവാൻ നിങ്ങൾക്ക് ഒരിക്കലും കഴിയുകയില്ല. ഒരു നായയ്ക്ക് പൂച്ചയുടെ രാജ്യത്തിലേക്ക് സ്വദേശീകരിക്കപ്പെടുവാൻ കഴിയുകയില്ല. ഒരു നായയോടു ഇങ്ങനെ പറയുന്നതായി കരുതുക. “നായ് കുട്ടീ, എനിക്കു നിന്നെ ഇഷ്ടമാണ്. ഞാൻ നിന്റെ രാജ്യം മാറ്റുവാൻ ആഗ്രഹിക്കുന്നു. നീ നായുടെ രാജ്യ ത്തിൽ ജനിച്ചവനാണ്, എന്നാൽ എനിക്കു നിന്നെ ഒരു പൂച്ചയുടെ രാജ്യത്തിലേക്ക് സ്വദേശീകരിക്കണം.” നിങ്ങൾ അതു ചെയ്യുവാൻ ശ്രമി ക്കുന്നുവെങ്കിൽ, പൂച്ചയുടെ രാജ്യത്തിൽ അത് ഒരു വലിയ പ്രശ്ന ത്തിന് ഇടയാക്കും. ഒരു നായെ പൂച്ചയുടെ രാജ്യത്തിൽ കൊണ്ടുവരു വാനുള്ള ശരിയായ വഴി പൂച്ചയുടെ ജീവനാൽ നായയെ വീണ്ടുംജനിപ്പി ക്കുകയാണ്. ഒരു പൂച്ചയുടെ ജീവനോടുകൂടെ നായ പുനർജനിക്കുന്നു വെങ്കിൽ, ആ നായക്കുട്ടി സ്വാഭാവികമായി നായരാജ്യത്തിൽനിന്നും പൂച്ചരാജ്യത്തിലേയ്ക്കു മാറ്റപ്പെടും.

നാം വീണ്ടുംജനിച്ചപ്പോൾ, നാം ദൈവരാജ്യത്തിലേക്ക് മാറ്റപ്പെട്ടു. ദൈവം നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു വിടുവിച്ച്, അവന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ ആക്കിവച്ചു എന്ന് കൊലൊസ്സ്യർ 1:13 പറയുന്നു. വീണ്ടുംജനനം വഴി നാം മാറ്റപ്പെട്ടു, ഇപ്പോൾ നാം ദൈവരാജ്യത്തിൽ ആകുന്നു. നാം കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചപ്പോൾ, ദിവ്യാത്മാവ് നമ്മിലേക്ക് വന്ന് നമ്മെ വീണ്ടും ജനിപ്പിച്ച് നാം ദൈവരാജ്യത്തിലേക്ക് ജനിക്കുവാൻ ഇടയാക്കി. നിങ്ങൾക്ക് ദൈവരാജ്യത്തെക്കുറിച്ച് വളരെ കുറച്ച് അറിവേ ഉള്ളൂ എന്നിരുന്നാലും, നിങ്ങളുടെ ഉള്ളിലെ ആത്മാവിന് ഈ രാജ്യത്തെ ക്കുറിച്ചറിയാം. നിങ്ങളുടെ ആത്മാവിലുള്ള ദിവ്യജീവൻ ദൈവരാ ജ്യത്തെ അറിയുന്നു.

അനേകം ക്രിസ്ത്യാനികൾ ഉപദേശങ്ങളെ ക്രമത്തിലധികം ആശ്ര യിക്കുന്നു. പുകവലി, സിനിമ കാണൽ, ഭക്ഷണം, വസ്ത്രധാരണം, വിവാഹം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ചോദിച്ചുകൊണ്ട്, അനേകം യുവജനങ്ങൾ എന്റെ അടുക്കൽ വന്നിട്ടുണ്ട്. ഈ വക കാര്യങ്ങളെ ക്കുറിച്ച് യുവജനങ്ങൾക്ക് അനേകം ചോദ്യങ്ങൾ ഉണ്ട്. ഒരു യുവാവ് ഇത്തരത്തിലുള്ള ഒരു ചോദ്യവുമായി എന്റെ അടുക്കൽ വരുമ്പോൾ, ഞാൻ എല്ലായ്പ്പോഴും ചോദ്യം അവനിലേക്ക് തിരിച്ചുകൊണ്ട് ഇങ്ങനെ പറയും,“പുകവലിക്കണമോ വേണ്ടയോ എന്ന് നിങ്ങൾ എന്തുകൊണ്ട് എന്നോടു ചോദിക്കുന്നു? എന്നേക്കാൾ നന്നായി നിങ്ങൾക്കറിയാം. നിങ്ങൾക്ക് ഉത്തരമറിയാവുന്ന ഒന്ന് എന്നോടു

ചോദിക്കുവാൻ നിങ്ങൾ വരരുത്. നിങ്ങൾക്ക് സ്ഥിരീകരണം ആവശ്യമായതുകൊണ്ട് നിങ്ങൾ എന്നോടു ചോദിക്കുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു സ്ഥിരീകരണവും ഞാൻ ഒരിക്കലും നിങ്ങൾക്കു തരുകയില്ല. നിങ്ങൾ എന്നോടു സത്യം പറയുക, നിങ്ങൾക്കു പുകവലിക്കാമോ വേണ്ടയോ എന്ന് നിങ്ങൾക്കറിയില്ലേ?"അവന് അറിയാമെന്ന് അവൻ സമ്മതിക്കുമ്പോൾ ഞാൻ കുറച്ചുകൂടി മുമ്പോട്ടുപോയി അവനോടു ഇങ്ങനെ ചോദിക്കും,"നിങ്ങൾക്ക് എങ്ങനെ അറിയാം? നിങ്ങൾക്ക് എവിടെനിന്ന് അറിയാം?"അവർ എപ്പോഴും എന്നോട് പറയും, അത് അറിയുന്ന എന്തോ ഒന്ന് അവരുടെ ഉള്ളിൽ ഉണ്ട് എന്ന്. നാം ദൈവരാജ്യത്തിലേക്ക് ജനിച്ചവരായതുകൊണ്ട് നമുക്കതറിയാം.

ഒരു പ്രസംഗകനോ ശുശ്രൂഷകനോ ജനത്തോട് എന്തുചെയ്യണമെന്ന് പറയേണ്ട ആവശ്യമില്ല. നിങ്ങൾക്ക് ഒരു നായെ കുരയ്ക്കുവാൻ പഠിപ്പിക്കേണ്ട ആവശ്യമുണ്ടോ? നിങ്ങൾ ഒരു നായെ കുരയ്ക്കുവാൻ പഠിപ്പിക്കാൻ ശ്രമിച്ചാൽ, ആ നായ്ക്ക് സംസാരിക്കുവാൻ കഴിയുമെങ്കിൽ, അവൻ, ഇങ്ങനെ പറയും,"എനിക്ക് നിങ്ങളുടെ പഠിപ്പിക്കൽ ആവശ്യമില്ല. ഞാൻ കുരയ്ക്കും. ഞാൻ കുരയ്ക്കുവാനായി ജനിച്ചു; ഞാൻ കുരയ്ക്കുന്ന രാജ്യത്തിലാണ്. എന്റെ രാജ്യം കുരയ്ക്കുന്ന രാജ്യമായതുകൊണ്ടും, എനിക്കു കുരയ്ക്കുന്ന ജീവനുള്ളതുകൊണ്ടും എനിക്ക് പഠിപ്പിക്കലിന്റെ ആവശ്യമില്ല. എനിക്ക് കുരയ്ക്കാതെ നിവൃത്തിയില്ല." അതുപോലെ നാം എല്ലാവരും ദൈവരാജ്യത്തിലേക്ക് ജനിച്ചവരാണ്. അതിന്റെ ഫലമായി നമുക്ക് ചില കാര്യങ്ങൾ "അറിയാം."ഞാൻ എങ്ങനെ അറിയും എന്നു നിങ്ങൾ എന്നോടു ചോദിച്ചാൽ ഞാൻ പറയും,"എനിക്കറിയാം"എന്ന്. ഞാനൊരു മനുഷ്യനാണെന്ന് ആരും എന്നെ പഠിപ്പിക്കേണ്ട ആവശ്യമില്ല. ഞാൻ കേവലം ഒരു മനുഷ്യനാകുന്നു. മനുഷ്യരുടെ രാജ്യത്തിൽ ഞാൻ കേവലം മനുഷ്യനായിരിക്കുന്നതുപോലെ, എനിക്ക് ദൈവജീവൻ ഉള്ളതുകൊണ്ട്, ഞാൻ ദൈവരാജ്യത്തിൽ ദൈവത്തിന്റെ പുത്രൻ കൂടിയാകുന്നു. എനിക്കു ദൈവത്തിന്റെ ജീവൻ ഉള്ളതുകൊണ്ട്, ഈ ജീവൻ എന്നെ ദൈവരാജ്യത്തിലാക്കി. യഥാർത്ഥത്തിൽ ഞാൻ ദൈവരാജ്യത്തിൽ മാത്രമല്ല, എന്നാൽ ദൈവത്തിൽതന്നെയും ആകുന്നു.

നാം ദൈവരാജ്യത്തിൽ ആകുന്നതുകൊണ്ട്, ചെയ്യുവാൻ ശ്രമിച്ചാൽപോലും നമുക്ക് ചെയ്യുവാൻ സാധിക്കാത്ത ചില കാര്യങ്ങൾ ഉണ്ട്. നിങ്ങൾ മനഃപൂർവ്വം ദേഷ്യപ്പെടുവാൻ ശ്രമിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അതിന് കഴിയുകയില്ലെന്ന് നിങ്ങൾ മനസ്സിലാക്കും. നിങ്ങൾ, നിങ്ങളുടെ ഭാര്യയെ അടിക്കുവാൻ തീരുമാനിക്കുന്നുവെങ്കിൽ, നിങ്ങൾക്ക് അതും ചെയ്യുവാൻ കഴിയുകയില്ലെന്ന് നിങ്ങൾ കണ്ടെത്തും. എന്താണിതിന്റെ കാരണം? അതിന്റെ കാരണം നിങ്ങൾ

ദൈവത്തിന്റെ രാജ്യത്തിൽ ആകുന്നുവെന്നതും, ദൈവത്തിന്റെ ജീവൻ ഇത്തരത്തിലുള്ള കാര്യങ്ങൾ ചെയ്യുന്നതിൽനിന്ന് നിങ്ങളെ കാക്കുന്നു എന്നതുമാണ്. അതാണ് ദൈവരാജ്യം. ഹാലേലുയ്യാ, നാം അതിൽ ആകുന്നു!

## C. മനുഷ്യന്റെ യഥാർത്ഥ അവസ്ഥ

### *1. സർപ്പത്താൽ വിഷമേററത്, സർപ്പസ്വഭാവത്തോടുകൂടിയത്*

നിക്കോദേമൊസ് അപ്പോഴും പതറിപ്പോയിരുന്നു; അവൻ ചോദിച്ചു."ഇത് എങ്ങനെ സംഭവിക്കും?" "നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും ഈ കാര്യങ്ങൾ അറിയുന്നില്ലയോ?"എന്ന് കർത്താവായ യേശു അവനോടു തിരികെ ചോദിച്ചു. പിന്നെ യേശു അവനോട് പഴയനിയമത്തിൽ കാണുന്ന, വീണ്ടെടുപ്പിന്റെ മുൻസൂചനയെ അഥവാ മുൻകുറിയെക്കുറിച്ച് സംസാരിച്ചു.

#### *a. മരുഭൂമിയിൽ യിസ്രായേല്യരെപ്പോലെ മരിക്കുവാൻ മരണവിഷമേറ്റു*

"മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു."യേശു ഇതു പറഞ്ഞപ്പോൾ നിക്കോദേമൊസിനു വ്യക്തമായി. യിസ്രായേൽജനം കർത്താവിനെതിരായും മോശയ്ക്കെതിരായും സംസാരിച്ചപ്പോൾ, യഹോവ ജനത്തിന്റെ ഇടയിൽ അഗ്നിസർപ്പങ്ങളെ അയച്ചു; അവ ജനത്തെ കടിച്ചു; യിസ്രായേലിൽ വളരെ ജനം മരിച്ചു(സംഖ്യാ.21:6). അപ്പോൾ ജനം മോശയുടെ അടുക്കൽ വന്ന് കർത്താവ് സർപ്പത്തെ നീക്കികളയേണ്ടതിന് പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. മോശ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ഒരു പിച്ചളസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിന്മേൽ തൂക്കുക എന്നു പറഞ്ഞ് ദൈവം മോശയെ രക്ഷാമാർഗ്ഗം കാണിക്കുകയും ചെയ്തു(സംഖ്യാ.21:8). അഗ്നിസർപ്പത്താൽ വിഷമേറ്റ ജനം പിച്ചളസർപ്പത്തിലേക്ക് നോക്കിയപ്പോൾ അവർ ജീവിച്ചു(സംഖ്യാ.21:9).

യോഹന്നാൻ 3:14-ൽ, കർത്താവായ യേശു ഈ ചിത്രം തനിക്കു തന്നെ ബാധകമാക്കിക്കൊണ്ട്, മോശ പിച്ചള സർപ്പത്തെ ഉയർത്തിയതുപേലെ, മനുഷ്യപുത്രനായ താനും ഉയർത്തപ്പെടും എന്നു പറഞ്ഞു. ഇവിടെ കർത്താവ് തന്നെക്കുറിച്ച് ദൈവപുത്രൻ എന്നല്ല, മനുഷ്യപുത്രൻ എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. കർത്താവ് നിക്കോദേമൊസിനോട് ഇങ്ങനെ പറയുകയായിരുന്നു. "നിക്കോദേമൊസെ, നീ കാഴ്ചയിൽ ഒരു മാന്യനാണ്, എന്നാൽ വാസ്തവത്തിൽ നീ ഒരു സർപ്പമാണെന്ന് നീ മനസ്സിലാക്കണം. നീ എത്ര മാന്യനാണെങ്കിലും നിന്റെ ഉള്ളിൽ ഒരു സർപ്പസ്വഭാവമുണ്ട്. നിനക്ക് വിഷമേറ്റിരിക്കുന്നു. നിനക്ക് ആദാമിൽ വിഷമേറ്റിരിക്കുന്നു. ആദാം സർപ്പത്താൽ വിഷ

മേറ്റപ്പോൾ നീയും അവിടെ ഉണ്ടായിരുന്നു. നീ ജനിച്ചത് ആ വിഷമുള്ള പ്രകൃതത്തിലാണ്. അതുകൊണ്ട് നിന്റെ പ്രകൃതവും സർപ്പസ്വഭാവമുള്ളതാണ്."നിക്കോദേമൊസ് മുമ്പൊരിക്കലും ഇതു മനസ്സിലാക്കിയിരുന്നില്ല. അതുപോലെ, തങ്ങൾ സർപ്പങ്ങൾ ആണെന്ന് വളരെ കുറച്ചുപേരേ അറിയുന്നുള്ളൂ. നിങ്ങളെക്കുറിച്ച് ഇത് പറഞ്ഞുവെങ്കിൽ നിങ്ങൾക്ക് ഇഷ്ടപ്പെടുമോ? നിങ്ങൾ ഒരു അവിശ്വാസിയോട്, അവൻ ഒരു പാപി മാത്രമല്ല, ഒരു സർപ്പം കൂടിയാണെന്ന് പറയുകയാണെങ്കിൽ, അവൻ വളരെ നീരസപ്പെടും. ഇല്ല, നിക്കോദേമൊസ് തനിക്ക് സർപ്പസ്വഭാവമുണ്ടെന്ന് ഒരിക്കലും ചന്തിച്ചിരുന്നില്ല. എന്നിരുന്നാലും, ഏറ്റവും നല്ല പ്രസംഗകനായ കർത്താവായ യേശു ഒരു ചെറിയ വാചകത്തിലൂടെ വളരെ അധികം ചൂണ്ടിക്കാണിച്ചുകൊണ്ട്, നിക്കോദേമൊസിനോട് അവൻ സർപ്പമായിരുന്നു എന്നു പറഞ്ഞു.

യോഹന്നാൻ 1:29-ൽ യോഹന്നാൻ സ്നാപകൻ"ഇതാ ദൈവത്തിന്റെ കുഞ്ഞാട്"എന്നു പറഞ്ഞു. 3:14-ൽ കർത്താവായ യേശു, തന്നെ ദൈവത്തിൻെറ കുഞ്ഞാടിനോടല്ല, ഒരു പിച്ചള സർപ്പത്തോട് ഉപമിച്ചു. ദൈവത്തിൻെറ കുഞ്ഞാട് പാപത്തോടിടപെടുന്നു, എന്നാൽ പിച്ചള സർപ്പം പഴയ സർപ്പത്തെ തകർക്കുന്നു. വീണുപോയ മനുഷ്യൻ എന്ന നിലയിൽ നമ്മുടെ പ്രശ്നം പാപത്തോടു മാത്രമല്ല സർപ്പത്തോടും ആണ്. ക്രിസ്ത്യാനികൾ ദൈവത്തിൻെറ കുഞ്ഞാടിനെക്കുറിച്ചുള്ള ധാരാളം ദൂതുകൾ കേട്ടിട്ടുണ്ടെങ്കിലും ക്രിസ്തുവിന്റെ പ്രതിരൂപമായ പിച്ചളസർപ്പത്തെക്കുറിച്ച് അധികം കേട്ടിട്ടുണ്ടാവുകയില്ല.

### *b. ഒരു സർപ്പത്തിന്റെ രൂപത്തിൽ ക്രിസ്തു ക്രൂശിന്മേൽ ഉയർത്തപ്പെട്ടു*

കർത്താവായ യേശു ക്രൂശിൽ മരിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ഒരു സർപ്പത്തിന്റെ രൂപത്തിലായിരുന്നു. ഇത് ഒരു കഠിന വാക്കാണ്; അതുകൊണ്ട് അതിന് വിശദീകരണം ആവശ്യമാണ്."ദൈവം തന്റെ പുത്രനെ ജഡത്തിന്റെ സാദൃശ്യത്തിലും, പാപം നിമിത്തവും അയച്ചു, പാപത്തിനു ജഡത്തിൽ ശിക്ഷ വിധിച്ചു"എന്ന് റോമർ 8:3 പറയുന്നു. ക്രിസ്തു പാപജഡത്തിന്റെ സാദൃശ്യത്തിലാക്കപ്പെട്ടുവെന്ന് ഈ വാക്യം നമ്മോടു പറയുന്നു. ക്രിസ്തു നമുക്കുവേണ്ടി പാപമാക്കപ്പെട്ടുവെന്ന് 2 കൊരിന്ത്യർ 5:21 പറയുന്നു. എത്ര ശക്തമായ വാക്കാണിത്! എന്താണിതിന്റെ അർത്ഥം? അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നുവാനും, തന്റെ കാഴ്ചപ്പാട് സ്വീകരിക്കുവാനുമായി സർപ്പത്തിലുള്ള സാത്താൻ ആദാമിനെ പ്രലോഭിപ്പിച്ചപ്പോൾ, സാത്താൻ, പഴയ സർപ്പമെന്ന നിലയിൽ തന്റെ പ്രകൃതം മനുഷ്യനിലേക്ക് കുത്തിവച്ചു. ആ സർപ്പസ്വഭാവം മനുഷ്യന്റെ ശരീരത്തിലേക്ക് കുത്തിവയ്ക്കപ്പെട്ടു. ദൈവം സൃഷ്ടിച്ചതായ മനുഷ്യന്റെ ശരീരം നല്ലതായിരുന്നുവെങ്കിലും

സർപ്പസ്വഭാവം അതിലേക്കു കുത്തിവച്ചപ്പോൾ, അത് പ്രകൃതിമാറ്റം വന്ന് ജഡമായി മാറി. ദൈവം സൃഷ്ടിച്ച ശരീരം നല്ലതായ ഒന്നായിരുന്നു, എന്നാൽ സർപ്പവിഷത്താൽ പ്രകൃതിമാറ്റം വന്ന ശരീരമായ ജഡം മോശമായ ഒന്നാണ്. ശരീരം എന്ന പദം നല്ലതാണ്. എന്നാൽ ജഡം എന്ന പദം മോശമാണ്. എന്നാൽ വചനം ജഡമായിത്തീർന്നു, എന്നു പറയുന്ന യോഹന്നാൻ 1:14 നെക്കുറിച്ച് എന്ത് പറയുന്നു? അവിടെ ജഡം നല്ലതോ, മോശമോ? ക്രിസ്തു ജഡമായിത്തീർന്നപ്പോൾ അവൻ ആയിത്തീർന്നു എന്നത് നല്ലതായ ഒന്നോ മോശമായ ഒന്നോ? നിങ്ങൾ വളരെ ശ്രദ്ധിച്ച് ഉത്തരം പറയണം. ക്രിസ്തു ജഡമായിത്തീർന്നപ്പോൾ അവൻ വാസ്തവത്തിൽ മോശമായ ഒന്ന് ആയിത്തീർന്നില്ലെന്ന് യോഹന്നാൻ 3:14 ചൂണ്ടികാണിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു. അവൻ"പാപജഡത്തിന്റെ സാദൃശ്യത്തിൽ"ആയിരുന്നു എന്ന് റോമർ 8:3 പറയുന്നു. ഈ സാദൃശ്യം പിച്ചളസർപ്പത്തിന്റെ രൂപത്തിന് തുല്യമായിരുന്നു. അതിന് സർപ്പത്തിന്റെ രൂപം ഉണ്ടായിരുന്നു, സർപ്പവിഷം ഇല്ലായിരുന്നു. ക്രിസ്തുവിനെ പാപജഡത്തിന്റെ സാദൃശ്യത്തിൽ ആക്കി, എന്നാൽ അവന് വാസ്തവത്തിൽ ജഡത്തിന്റെ പാപത്തിൽ പങ്കാളിത്തം ഉണ്ടായിരുന്നില്ല(2 കൊരി.5:21; എബ്രാ.4:15). പാപജഡത്തിന്റെ സാദൃശ്യത്തിൽ ക്രിസ്തു ജഡമായിത്തീർന്നു. പിച്ചള കൊണ്ടുണ്ടാക്കിയ സർപ്പത്തെ നോക്കുക. രൂപത്തിലും കാഴ്ചയിലും സാദൃശ്യത്തിലും അത് ഒരു യഥാർത്ഥ സർപ്പത്തെപ്പോലെയാണ്; എന്നിരുന്നാലും, അതിന് ഉള്ളിൽ വിഷമില്ല. കാഴ്ചയിൽ അതു സർപ്പമാണ്, എന്നാൽ അതിന് സർപ്പപ്രകൃതം ഇല്ല. അതുപോലെ, കാഴ്ചയിൽ, സാദൃശ്യത്തിൽ ക്രിസ്തു പാപജഡമായിത്തീർന്നു. കാഴ്ചയിൽ അവൻ പാപിയായ ഒരു മനുഷ്യനെപ്പോലെതന്നെ ആയിരുന്നുവെങ്കിലും, അവന്റെ ഉള്ളിൽ പാപസ്വഭാവം ഇല്ലായിരുന്നു. അവൻ പാപമാക്കപ്പെട്ടുവെങ്കിലും, അവൻ പാപം അറിഞ്ഞില്ല. അവൻ പാപജഡം ആയിരുന്നത് രൂപത്തിൽ, സാദശ്യത്തിൽ മാത്രമായിരുന്നു.

### *c. പഴയ സർപ്പം, പിശാച്, സാത്താൻ ഇതിനാൽ ന്യായം വിധിക്കപ്പെട്ടു*

ക്രിസ്തു ക്രൂശിൽ ഉയർത്തപ്പെട്ടപ്പോൾ, പഴയസർപ്പമായ, പിശാചായ, സാത്താനോട്, ഇടപ്പെട്ടു (യോഹ.12:31-33; എബ്രാ.2:14). വീണുപോയ മനുഷ്യന്റെ ഉള്ളിലുള്ള സർപ്പസ്വഭാവം ക്രിസ്തുവിന്റെ ക്രൂശ്മരണത്താൽ കൈകാര്യം ചെയ്യപ്പെട്ടുവെന്നാണ് ഇതിന്റെ അർത്ഥം. നമുക്ക് ഒരു എലിക്കെണി ഉദാഹരണമായി ഉപയോഗിക്കാം. എലികൾ വളരെ ഉപദ്രവകാരികളാണ്. അവയെ പിടിക്കുവാൻ പ്രയാസവുമാണ്. എന്നിരുന്നാലും, നിങ്ങൾ ഒരു കെണിയും ഇരയും ഉപയോഗിക്കുകയാണെങ്കിൽ നിങ്ങൾക്ക് അവയെ പിടിക്കാം. എലി, മാളത്തിൽ

നിന്ന് എന്തെങ്കിലും തീറ്റ അന്വേഷിച്ചു പുറത്തുവരുമ്പോൾ അത് ഇര കാണുകയും, ഇരയെ കൈവശപ്പെടുത്താനുള്ള ഉദ്യമത്തിൽ കെണിയിലേയ്ക്ക് നടക്കുകയും, പെട്ടെന്നു പിടിക്കപ്പെടുകയും ചെയ്യുന്നു. ഈ വിധത്തിൽ എലിയെ പിടിച്ച് നശിപ്പിക്കുന്നു. പ്രപഞ്ചത്തിൽ സാത്താൻ എന്ന ഒരു ചെറിയ ചുണ്ടെലി ഉണ്ട്. മനുഷ്യത്വം അവനെ പിടിക്കുവാനുള്ള ഒരു കെണി ആയിത്തീർന്നു. സാത്താൻ മനുഷ്യശരീരത്തിൽ അവനെത്തന്നെ കുത്തിവച്ച് ജയം നേടിയെന്ന് ചിന്തിച്ചുകൊണ്ട് ഇരയെ കൈവശപ്പെടുത്തി. എന്നാൽ അതു ചെയ്യുക വഴി അവൻ കെണിയിൽ അകപ്പെടുകയാണെന്നത് അവൻ മനസ്സിലാക്കിയില്ല. മനുഷ്യന്റെ ജഡത്തിൽ സന്നിവേശിച്ച് അവൻ കെണിയിൽ വീണു. ഒരു ദിവസം കർത്താവായ യേശു ഈ പാപജഡത്തിന്റെ സാദൃശ്യം ധരിച്ചു. പിന്നെ അവൻ ഈ ജഡം ക്രൂശിലേക്ക് കൊണ്ടുപോയി, അതിനെ ക്രൂശിച്ചു. ജഡത്തെ ക്രൂശിച്ചതിലൂടെ അവൻ, തന്നെത്താൻ മനുഷ്യരിലേക്ക് കുത്തിവച്ച പിശാചിനെ തകർത്തു. അവൻ ജഡാവതാരമെടുത്തു... മരണത്തിലൂടെ, മരണത്തിന്റെ അധികാരിയായ പിശാചിനെ തകർത്തു എന്ന് എബ്രായർ 2:14 പറയുന്നത്, ഇപ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ക്രിസ്തു ജഡത്തിലുള്ള തന്റെ മരണത്താൽ സാത്താനെ തകർത്തുകളഞ്ഞു. ഈ വാക്യങ്ങളെല്ലാം നമുക്കു മനസ്സിലാകുന്നില്ലെങ്കിൽ എബ്രായർ 2:14-ന്റെ ശരിയായ അർത്ഥം ഗ്രഹിക്കുവാൻ വിഷമമായിരിക്കും. എങ്ങനെ ക്രിസ്തു ക്രൂശിൽ സാത്താനെ തകർത്തു? പാപജഡത്തിന്റെ സാദൃശ്യമെടുക്കുകയും, ഈ ജഡത്തെ ക്രൂശിലേക്ക് കൊണ്ടുവരികയും ചെയ്തതിലൂടെ, സാത്താൻ തകർക്കപ്പെട്ടു.

ദൈവത്തിന്റെ ദൃഷ്ടിയിൽ, നാം എല്ലാവരും സർപ്പങ്ങളായിത്തീരുന്നു. സർപ്പങ്ങളായിത്തീർന്ന പുരാതന യിസ്രായേല്യർക്ക് പകരമായി, ഒരു പിച്ചള സർപ്പം ഉയർത്തപ്പെടേണ്ടത് ആവശ്യമായിരുന്നതുപോലെ, നമ്മുടെ പകരക്കാരനായി ക്രിസ്തു ക്രൂശിൽ മരിക്കേണ്ടത് ആവശ്യമായിരുന്നു. ക്രൂശിൽ ക്രിസ്തു ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് മാത്രമായിരുന്നില്ല(1:29), നമ്മുടെ സർപ്പസ്വഭാവത്തോട് ഇടപെടുന്നതിനും പഴയ സർപ്പത്തെ നശിപ്പിക്കുന്നതിനും അവൻ സർപ്പത്തിന്റെ രൂപത്തിലുമായിരുന്നു. ക്രിസ്തു ക്രൂശിൽ ഉയർത്തപ്പെട്ടപ്പോൾ, വീണുപോയ മനുഷ്യനിലെ സർപ്പസ്വഭാവം കൈകാര്യം ചെയ്യപ്പെട്ടു. ക്രൂശിക്കപ്പെട്ടവനും പുനരുത്ഥാനം ചെയ്തവനുമായ ക്രിസ്തുവിനെ, മനുഷ്യൻ സ്വീകരിക്കുമ്പോൾ, അവൻ ക്രിസ്തുവിലുള്ള ദിവ്യജീവനോടുകൂടെ വീണ്ടുംജനിക്കുകയും, അതോടൊപ്പം അവന്റെ സാത്താന്യ സ്വഭാവം കൈകാര്യം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതുകൊണ്ടാണ്, യോഹന്നാൻ 3:14-ൽ, കർത്താവായ യേശു, നിക്കോദേമൊസിന് വീണ്ടുംജനനത്തെക്കുറിച്ച്

വെളിപ്പെടുത്തിയപ്പോൾ, അവൻ ഈ ആശയം പ്രത്യേകമായി സൂചിപ്പിച്ചത്.

നിക്കോദേമോസ് അവനെത്തന്നെ നല്ലവനും, ധർമ്മിഷ്ഠനുമായ ഒരു മനുഷ്യനായി കണക്കാക്കിയിരിക്കാം. എന്നാൽ യോഹന്നാൻ 3:14-ലെ കർത്താവിന്റെ വാക്ക്, നിക്കോദേമൊസ് പുറമേ എത്ര നല്ലവനായിരുന്നാലും, അകമേ, സാത്താന്റെ സർപ്പസ്വഭാവം അവനുണ്ടായിരുന്നു എന്ന് സൂചിപ്പിക്കുന്നു. ആദാമിന്റെ പിൻതുടർച്ചക്കാരൻ എന്ന നിലയിൽ അവൻ പഴയ സർപ്പത്താൽ വിഷമേറ്റിരുന്നു; സർപ്പസ്വഭാവം അവനിൽ ഉണ്ടായിരുന്നു. അവന് തന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായി മാത്രമല്ല കർത്താവിനെ ആവശ്യമായിരുന്നത്. ക്രൂശിൽ അവന്റെ സർപ്പസ്വഭാവത്തോട് ഇടപെടുന്നതിനും അങ്ങനെ, അവന് നിത്യജീവൻ ഉണ്ടാകുന്നതിനും, ഒരു സർപ്പത്തിന്റെ രൂപത്തിലും അവന് കർത്താവിനെ ആവശ്യമായിരുന്നു. രണ്ടാം അദ്ധ്യായത്തിൽ സ്ഥാപിച്ചിരിക്കുന്ന തത്ത്വപ്രകാരം ഇത്, മരണത്തെ ജീവനാക്കി മാറ്റുകയാണ്. ദിവ്യജീവൻ സർപ്പത്തിന്റെ മരണത്തെ വിഴുങ്ങി. നിക്കോദേമൊസിനോട് ഇതു പറയുകവഴി, കർത്താവായ യേശു ഇപ്രകാരം പറയുന്നതായി തോന്നും,“നിക്കോദേമൊസെ നീ ഒരു സർപ്പമാകുന്നു. ഞാൻ നിനക്കു പകരക്കാരനായി ഒരു സർപ്പത്തിന്റെ രൂപത്തിൽ, നിന്റെ പാപം ചുമന്നൊഴിക്കുവാൻ മാത്രമല്ല, സാത്താനെ നശിപ്പിക്കുവാനും നിന്റെ സർപ്പസ്വഭാവത്തോട് ഇടപെടുവാനുമായി മരിക്കുവാൻ പോകുന്നു.

### *d.. മനുഷ്യൻ ഈ ക്രിസ്തുവിൽ വിശ്വസിച്ച് നിത്യജീവൻ പ്രാപിക്കുന്നു*

14-ാം വാക്യത്തിന്റെ ഉദ്ദേശ്യം 15-ാം വാക്യം കാണിക്കുന്നു. “അത്, അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനുതന്നെ.”15-ാം വാക്യത്തിലെ അത് എന്ന വാക്ക് സൂചിപ്പിക്കുന്നത്, ഈ വാക്യം 14-ാം വാക്യത്തിന്റെ അനന്തരഫലം, പരിണാമം ആകുന്നു എന്നാണ്. ക്രിസ്തു, നമുക്ക് പകരക്കാരനായി ഒരു സർപ്പത്തിന്റെ രൂപത്തിൽ ക്രൂശിൽ മരിച്ചു. ഇപ്രകാരം ചെയ്തതിനാൽ അവൻ നമ്മുടെ സർപ്പസ്വഭാവത്തോട് ഇടപെടുകയും നമ്മുടെ ജഡത്തിലെ സർപ്പത്തെ നശിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലം അവനിൽ വിശ്വസിക്കുന്നതിനാൽ നമുക്ക് നിത്യജീവൻ ഉണ്ടാകും എന്നതാണ്. കൊടിമരത്തിന്മേൽ ഉയർത്തിയ പിച്ചളസർപ്പത്തെ നോക്കിയതുമൂലം വിഷമേറ്റ യിസ്രായേല്യർ ജീവിച്ചതുപോലെ, നാം അനുതപിച്ച് നമ്മുടെ ഹൃദയം ഉയർത്തി ക്രൂശിൻമേൽ തറയ്ക്കപ്പെട്ട യേശുവിനെ ഉറ്റുനോക്കുന്നുവെങ്കിൽ, അതേ കാര്യം ഇന്ന് നമുക്കും അനുഭവിക്കാം. നാം ഇത് ചെയ്യുമ്പോൾ നമ്മുടെ പാപം നീക്കപ്പെടുന്നു,

നമ്മിലെ സർപ്പസ്വഭാവം കൈകാര്യം ചെയ്യപ്പെടുന്നു; നമ്മിലെ സാത്താൻ തകർക്കപ്പെടുന്നു; നാം നിത്യജീവൻ പ്രാപിക്കുന്നു. ഇതാണ് വീണ്ടുംജനിക്കുക എന്നതിന്റെ അർത്ഥം. നാം വീണ്ടുംജനിക്കുമ്പോൾ, സർപ്പത്താൽ ദുഷിക്കപ്പെട്ടതും, ക്രൂശിൽ ക്രിസ്തു ഇടപെട്ടതുമായ നമ്മുടെ മനുഷ്യജീവനു പുറമേ നാം ദിവ്യജീവൻ സ്വീകരിക്കുന്നു.

### *2. ആദാമിൽ അവന്റെ പാപം മുഖാന്തരം ശിക്ഷ വിധിക്കപ്പെട്ടു*

എല്ലാ മനുഷ്യരും ആദാമിൽ അവന്റെ പാപം മുഖാന്തരം ശിക്ഷ വിധിക്കപ്പെട്ടവരാണ്. 18-ാം വാക്യത്തിൽ കർത്താവ് നിക്കോദേമൊസിന് അവന്റെ അവസ്ഥയെക്കുറിച്ച് കൂടുതൽ വെളിപ്പെടുത്തിക്കൊടുത്തു. അവന് സർപ്പത്തിന്റെ വിഷമുള്ള പ്രകൃതം ഉണ്ടായിരുന്നതിനു പുറമേ അവൻ ദൈവത്തിന്റെ ന്യായവിധിയുടെ കീഴിലും ആയിരുന്നു."അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല; വിശ്വസിക്കാത്തവന്, ദൈവത്തിന്റെ ഏകജാതനായ പുത്രന്റെ നാമത്തിൽ വിശ്വസിക്കായ്കയാൽ, ന്യായവിധി വന്നു കഴിഞ്ഞു,"എന്ന് ഈ വാക്യം പറയുന്നു. ഈ വാക്യം അനുസരിച്ച്, ഒരു നല്ല, മാന്യനായ, നിക്കോദേമൊസ് ന്യായംവിധിക്കപ്പെട്ടു കഴിഞ്ഞിരുന്നു. നിങ്ങൾ എപ്പോൾ ന്യായംവിധിക്കപ്പെട്ടു? ആദാം ന്യായംവിധിക്കപ്പെട്ട അതേ ദിവസം തന്നെ നിങ്ങളും ന്യായംവിധിക്കപ്പെട്ടു. അതിന്റെ അർത്ഥം നിങ്ങൾ ജനിക്കുന്നതിനു മുമ്പുതന്നെ നിങ്ങൾ ശിക്ഷ വിധിക്കപ്പെട്ടിരുന്നു എന്നാണ്. ആറായിരം വർഷം മുമ്പ് നിങ്ങൾക്ക് ശിക്ഷ വിധിക്കപ്പെട്ടു. നിങ്ങൾ ആദാമിന്റെ ഒരു ഭാഗമായതുകൊണ്ട് അവന് ശിക്ഷ വിധിച്ചപ്പോൾ നിങ്ങൾക്കും ശിക്ഷ വിധിച്ചു. നിങ്ങൾ നല്ലവനോ കൊള്ളരുതാത്തവനോ ആയാലും, നിങ്ങൾ മുമ്പേതന്നെ ദൈവക്രോധത്തിൻ കീഴിലാകുന്നു(3:36). നിക്കോദേമൊസ് ഉന്നത നിലവാരത്തിലുള്ള ഒരു മാന്യനായിരുന്നിട്ടും, അവന് ശിക്ഷ വിധിക്കപ്പെട്ടു. അവൻ നല്ല മനുഷ്യനും, മതഭക്തനായ മനുഷ്യനും, ധർമ്മിഷ്ഠനായ മനുഷ്യനും ആയിരുന്നു. എന്നിരുന്നാലും, അവന് നേരത്തേതന്നെ ശിക്ഷ വിധിക്കപ്പെട്ടു. അതുകൊണ്ട്, അവന് കർത്താവിന്റെ വീണ്ടെടുപ്പ് ആവശ്യമായിരുന്നു-കർത്താവ് അവനുവേണ്ടി മരിക്കണമായിരുന്നു.

ഇത്തരത്തിലുള്ള ഒരു നല്ല മനുഷ്യന്റെ യഥാർത്ഥ അവസ്ഥ വാസ്തവത്തിൽ നല്ലതല്ല. അവന്റെ ശരിയായ അവസ്ഥയ്ക്ക് രണ്ടു വശമുണ്ട്: അവന്റെ പ്രകൃതത്തിൽ സാത്താന്റെ വിഷമുണ്ട് എന്നതും അവന്റെ സ്ഥാനം ദൈവത്തിന്റെ ശിക്ഷാവിധിയിൻകീഴിലാണ് എന്നതും. നാം മാന്യവ്യക്തികളല്ല; നാം സർപ്പങ്ങളാണ്. നമ്മുടെ പ്രകൃതത്തെ സംബന്ധിച്ചിടത്തോളം, പിശാചായ സാത്താന്റെ വിഷമുള്ള മൂലകവും, നമ്മെ പിശാചിന്റെ മക്കളാക്കുന്ന മൂലകവും നമുക്കുണ്ട്(1 യോഹ.3:10). നമ്മുടെ

സ്ഥാനം സംബന്ധിച്ചിടത്തോളം നാം മുമ്പേതന്നെ ദൈവത്തിന്റെ ശിക്ഷാവിധിയിൻ കീഴിലാണ്. അങ്ങനെ ഏറ്റവും നല്ല വ്യക്തിയുടെ അവസ്ഥ ഏറ്റവും നീചനായവന്റേത് തന്നെയാണ്.

*a. ദൈവപുത്രൻ മനുഷ്യനെ ഈ ശിക്ഷാവിധിയിൽനിന്നു രക്ഷിക്കുവാൻ വരുന്നു*

ഈ ശിക്ഷാവിധിയിൽനിന്നു മനഷ്യനെ രക്ഷിക്കുവാൻ ദൈവപുത്രൻ വന്നു."ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയച്ചത് ലോകത്തെ വിധിക്കുവാനല്ല, എന്നാൽ ലോകം അവനിലൂടെ രക്ഷിക്കപ്പെടുവാനത്രെ"എന്ന് 17-ാം വാക്യം പറയുന്നു. ദൈവത്തിന്റെ ശിക്ഷാവിധിയ്ക്ക് ഇടയാക്കിയ ആദാമിന്റെ പാപത്തിൽനിന്ന് നമ്മെ രക്ഷിക്കുന്നതിനുവേണ്ടി ദൈവപുത്രനായ ക്രിസ്തു അയയ്ക്കപ്പെട്ടു. നാം എല്ലാവരും ആദാമിൽ ശിക്ഷവിധിക്കപ്പെട്ടു. ഇപ്പോൾ ക്രിസ്തു മുഖാന്തരം ഈ ശിക്ഷാവിധിയിൽനിന്ന് നമുക്കെല്ലാവർക്കും രക്ഷപ്പെടുവാൻ കഴിയും. സ്വാഭാവിക ജനനത്തിൽ ആദാമിൽ നാം എല്ലാവരും ശിക്ഷവിധിക്കപ്പെട്ടു. വീണ്ടുംജനനത്തിൽ, ക്രിസ്തുവിൽ നാം എല്ലാവരും രക്ഷിക്കപ്പെടുന്നു.

*b. ദൈവപുത്രനിൽ വിശ്വസിക്കുന്നതിനാൽ ഈ ശിക്ഷാവിധിയിൽനിന്ന് മനുഷ്യൻ രക്ഷിക്കപ്പെടുന്നു*

നാം വീണ്ടുംജനിക്കുവാനുള്ള മാർഗ്ഗം എന്താണ്? നമുക്ക് എങ്ങനെ വീണ്ടുംജനനം പ്രാപിക്കാം? 15-ഉം 16-ഉം 18-ഉം 36-ഉം വാക്യങ്ങളിൽ കർത്താവ് ഇങ്ങനെ പറഞ്ഞു,"അവനിൽ വിശ്വസിക്കുന്ന എല്ലാവരും നിത്യജീവൻ പ്രാപിക്കണ്ടതിന്;" "അവനിൽ വിശ്വസിക്കുന്നവരാരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്;" "അവനിൽ വിശ്വസിക്കുന്നവന് ന്യായവിധിയില്ല; പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്." കർത്താവ് ആവർത്തിച്ച് ഊന്നി പറഞ്ഞിരിക്കുന്ന ഈ വാക്കുകൾ, കർത്താവിൽ വിശ്വസിക്കുകയാണ് വീണ്ടും ജനിക്കുവാനും രക്ഷിക്കപ്പെടുവാനും ഉള്ള മാർഗ്ഗമെന്ന് വ്യക്തമായും കൃത്യമായും നമ്മോടു പറയുന്നു. വീണ്ടുംജനനവും രക്ഷയും സ്വീകരിക്കുവാനുള്ള ഏകമാർഗ്ഗം വിശ്വസിക്കുക എന്നതാണ്. ഇത് പൂർണ്ണമായും വിശ്വാസത്തെ സംബന്ധിച്ച ഒരു കാര്യമാണ്. നമ്മുടെ വേല എത്ര നന്നായിരുന്നാലും, നമ്മുടെ വേലയിലൂടെ നാം വീണ്ടെടുക്കപ്പെടുകയോ രക്ഷിക്കപ്പെടുകയോ ഇല്ല. ഈ കാര്യത്തിൽ നമ്മുടെ വേല പരിഗണിക്കപ്പെടുന്നില്ല. വിശ്വാസം മാത്രം പരിഗണിക്കപ്പെടുന്നു. രക്ഷയും വീണ്ടെടുപ്പും തീർച്ചയായും വിശ്വാസത്താലാണ്. കർത്താവിലുള്ള വിശ്വാസത്താൽ, കർത്താവിൽ വിശ്വസിക്കുന്നതു

മൂലം, പ്രതിലോമപരമായി ദൈവത്തിന്റെ ശിക്ഷാവിധിയിൽ നിന്നുള്ള വിടുതലായ പാപക്ഷമ നാം സ്വീകരിക്കുന്നു. കർത്താവിൽ വിശ്വസിക്കുന്നതുമൂലം അനുലോമപരമായി നമ്മുടെ വീണ്ടുംജനനത്തിനായി നാം ദൈവത്തിന്റെ ദിവ്യജീവനായ നിത്യജീവൻ സ്വീകരിക്കുന്നതും വിശ്വാസത്താലാണ്. കർത്താവ് വീണ്ടെടുപ്പിൻ വേല നമുക്കുവേണ്ടി നിവർത്തിച്ചു. ക്രൂശിലുള്ള അവന്റെ വീണ്ടെടുപ്പിൻ മരണത്താൽ നമ്മുടെ മേലുള്ള ദൈവത്തിന്റെ നീതിപൂർവ്വകമായ ആവശ്യങ്ങൾ എല്ലാം നിവർത്തിക്കുകയും, നമുക്കുവേണ്ടി ദൈവത്തിന്റെ നീതിക്കും വിശുദ്ധിക്കും മഹത്വത്തിനും ആവശ്യമായതെല്ലാം സാധിക്കുകയും ചെയ്തു. സർപ്പത്തിന്റെ രൂപത്തിൽ കർത്താവ് ക്രൂശിന്മേൽ മരിച്ചതിനാൽ നമ്മെ ബലാല്ക്കാരം ചെയ്യുകയും അടിമയാക്കുകയും ചെയ്യുന്ന പിശാച് എന്ന സാത്താനെ അവൻ നീക്കിക്കളഞ്ഞു. അങ്ങനെ മരണത്തിന്റെ ശക്തിയിൽ നിന്നും പിശാചിന്റെ അടിമത്തത്തിൽ നിന്നും അവൻ നമ്മെ വിടുവിച്ചു (എബ്രാ.2:14). തന്റെ സർവ്വവും ഉൾക്കൊള്ളുന്ന ക്രൂശ്മരണത്താൽ എല്ലാ പ്രതിലോമകാര്യങ്ങളും അവൻ പരിഹരിച്ചു. കർത്താവ് നിവർത്തിച്ചതിൽ വിശ്വസിക്കുകയല്ലാതെ മറ്റൊന്നും നാം ചെയ്യേണ്ടതില്ല. നമ്മുടെ എല്ലാ പ്രശ്നങ്ങളും അവൻ കൈകാര്യം ചെയ്യുകയും പരിഹരിക്കുകയും ചെയ്തു. നമുക്ക് ചെയ്യുവാനോ പ്രവർത്തിക്കുവാനോ അവൻ ഒരു കാര്യവും നീക്കിവച്ചിട്ടില്ല. അതുകൊണ്ട്, നമുക്ക് കേവലം അവൻ നിവർത്തിച്ചതും പൂർത്തിയാക്കിയതുമായ, സർവ്വവും ഉൾക്കൊള്ളുന്ന വീണ്ടെടുപ്പിൻ വേലയിലുള്ള വിശ്വാസമല്ലാതെ നമ്മുടെ വേലയുടെ യാതൊരാവശ്യവുമില്ല.

മരണത്തിലൂടെയും പുനരുത്ഥാനത്തിലൂടെയും കടന്നുപോയതിനുശേഷം, കർത്താവ് തന്റെ ജീവനെ പുറത്തേക്ക് വിടുകയും ജീവൻ നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു(1 കൊരി.15:45). ഇപ്പോൾ പുനരുത്ഥാനത്തിൽ അവൻ ജീവന്റെ ആത്മാവാണ്(2 കൊരി.3:17). നാം അവനിൽ വിശ്വസിക്കുന്നതിനുവേണ്ടി അവൻ തന്റെ വീണ്ടെടുപ്പിൻ വേലയിലുള്ള സകല നന്മയോടുംകൂടെ കാത്തിരിക്കുന്നു. നാം അവനിൽ വിശ്വസിച്ചാൽ പാപങ്ങൾക്ക് ക്ഷമയും അന്ധകാരത്തിന്റെ ദുഷ്ടശക്തിയായ സാത്താനിൽ നിന്ന് വിടുതലും മാത്രമല്ല, ജീവന്റെ ആത്മാവിനെ, അതായത്, ദൈവത്തിന്റെ നിത്യജീവനോടൊപ്പം കർത്താവിനെത്തന്നെയും നാം സ്വീകരിക്കുന്നു. ഇങ്ങനെ നാം രക്ഷിക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്തു. കർത്താവിന്റെ സർവ്വവും ഉൾക്കൊള്ളുന്ന വീണ്ടെടുപ്പിൻ വേലയിലൂടെ അവനിൽ വിശ്വസിക്കുന്നതിനാൽ നാം ദൈവത്തിന്റെ ജീവൻ സ്വീകരിക്കുകയും അവന്റെ പുത്രന്മാരാകുവാൻ നാം അവനിൽനിന്നു ജനിക്കുകയും ചെയ്യുന്നു.

കർത്താവിൽ വിശ്വസിക്കുക എന്നതിന്റെ അർത്ഥം അവനെ സ്വീകരിക്കുക എന്നാണ്(യോഹ.1:12). കർത്താവ് സ്വീകരിക്കാവുന്നവനാണ്. അവൻ ഇപ്പോൾ ജീവൻ നൽകുന്ന ആത്മാവാണ്; തന്റെ സമ്പൂർണ്ണ വീണ്ടെടുപ്പുമായി നാം അവനെ സ്വീകരിക്കുമെന്ന് അവൻ കാത്തിരിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു, നമ്മുടെ ആത്മാവാണ് സ്വീകരിക്കുന്ന അവയവം. അവനിൽ വിശ്വസിക്കുന്നതുമൂലം കർത്താവിന്റെ ആത്മാവിനെ നമ്മുടെ ആത്മാവിലേക്ക് സ്വീകരിക്കുവാൻ നമുക്ക് കഴിയും. നാം അവനിൽ വിശ്വസിച്ചാൽ, അവൻ ആത്മാവായി നമ്മുടെ ആത്മാവിലേക്കു പ്രവേശിക്കുന്നു. അപ്പോൾ നാം അവനാൽ, ജീവൻ നൽകുന്ന ആത്മാവിനാൽ, വീണ്ടുംജനിക്കുകയും അവനുമായി ഒരാത്മാവായിത്തീരുകയും ചെയ്യുന്നു(1 കൊരി.6:17). 16-ഉം 18-ഉം 36-ഉം വാക്യങ്ങളിലെ"അവനിൽ വിശ്വസിക്കുക"എന്ന ശൈലി അക്ഷരാർത്ഥത്തിൽ"അവനിലേക്ക് വിശ്വസിക്കുക"എന്ന് പരിഭാഷപ്പെടുത്തണം. നാം കർത്താവിൽ വിശ്വസിക്കുമ്പോൾ നാം അവനിലേക്ക് വിശ്വസിക്കുന്നു. അവനിൽ വിശ്വസിക്കുന്നതിനാൽ നാം അവനുമായി ഒന്നായിരിക്കുവാനും അവനിൽ പങ്കാളിയാകുവാനും അവൻ നമുക്കുവേണ്ടി സാധിച്ചതിലെല്ലാം പങ്കുപറ്റുവാനും നാം അവനിലേക്ക് പ്രവേശിക്കുന്നു. അവനിലേക്ക് വിശ്വസിക്കുന്നതിനാൽ അവൻ ആകുന്നതും അവൻ കടന്നുപോയതും സാധിച്ചതും നേടിയതും സമ്പാദിച്ചതുമായ എല്ലാറ്റിലും നാം അവനോട് ഏകീഭവിക്കുന്നു. അവനിലേക്ക് വിശ്വസിച്ചതിനാൽ നാം അവനോട് ഒന്നായിത്തീരുന്നതുപോലെ, ജീവനായ അവനാൽ നാം രക്ഷിക്കപ്പെടുകയും വീണ്ടുംജനിക്കുകയും ചെയ്യുന്നു. അവനിലേക്ക് വിശ്വസിക്കുന്നതിനാലാണ് നാം ജീവനായ അവനിൽ പങ്കാളിയാകുന്നതും അവനിൽ വീണ്ടുംജനിക്കുന്നതും.

### *c. ദൈവപുത്രൻ വെളിച്ചമായി വരുന്നു*

മനുഷ്യൻ രക്ഷയ്ക്കായി പ്രകാശിതനാകുവാൻ ദൈവപുത്രൻ വെളിച്ചമായി വന്നു(3:19-21). നമ്മെ രക്ഷിക്കുന്നതിന് ദൈവപുത്രനായ ക്രിസ്തു, മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനായി അവനെ പ്രകാശിപ്പിക്കുവാൻ ആദ്യം വെളിച്ചമായി വന്നു. എന്നാൽ ദുഃഖകരമെന്നു പറയട്ടെ, മിക്കവരുടെയും പ്രവൃത്തികൾ ദോഷമുള്ളത് ആയതുകൊണ്ട്, അവർ വെളിച്ചത്തെക്കാൾ അധികം ഇരുളിനെ സ്നേഹിച്ചു. തിന്മ പ്രവൃത്തിക്കുന്ന ഏവനും വെളിച്ചത്തെ പകയ്ക്കുകയും വെളിച്ചത്തിലേക്ക് വാരാതിരിക്കുകയും ചെയ്യുന്നു, അല്ലാത്തപക്ഷം അവന്റെ പ്രവൃത്തികൾ വെളിവാക്കപ്പെടും. എന്നാൽ വെളിച്ചത്തിലേക്ക് വരുന്ന ഏവനും പ്രകാശിപ്പിക്കപ്പെടുകയും, ഈ പ്രകാശിക്കപ്പെടലിനാൽ അവൻ രക്ഷിക്കപ്പെടുകയും ചെയ്യും. വെളിച്ചം ആദ്യം വരുന്നു, രക്ഷ പിന്നാലെയും.

യോഹന്നാൻ 3-ാം അദ്ധ്യായത്തിൽ ഉന്നത ധാർമ്മിക നിലവാരമുള്ള ഒരു മാന്യവ്യക്തി പോലും, മരണത്തിന്റെ വഴിയിലായിരുന്നുവെന്ന് നമുക്ക് കാണുവാൻ കഴിയും. അവൻ ദൈവാന്വേഷി ആയിരുന്നുവെങ്കിലും അറിവിന്റെ വൃക്ഷത്തിന്റെ മാർഗ്ഗത്തിന് അനുസൃതമായിരുന്നു അവന്റെ അന്വേഷണം. നിക്കോദേമൊസ് അറിവിന്റെ വൃക്ഷത്തിൽപെട്ട ഉപദേശത്തിനും അറിവിനും വേണ്ടിയായിരുന്നു അന്വേഷിച്ചത്. അവൻ ജീവനെ അറിഞ്ഞിരുന്നില്ല, അവന് ജീവവൃക്ഷത്തെക്കുറിച്ച് ഒരു ധാരണയും ഉണ്ടായിരുന്നില്ല. എന്നാൽ കർത്താവ് അവന് ഉല്പത്തി 2-ാം അദ്ധ്യായത്തിലെ ജീവവൃക്ഷം സൂചിപ്പിക്കുന്ന ദിവ്യജീവൻ ലഭിക്കുവാനും, വീണ്ടുംജനിക്കുവാനുമായി, അവനെ അറിവിൽനിന്ന് ജീവനിലേക്ക്, അറിവിന്റെ വൃക്ഷത്തിൽനിന്ന് ജീവവൃക്ഷത്തിലേക്ക് തിരിച്ചു. അവന്റെ അറിവിനുവേണ്ടിയുള്ള അന്വേഷണം അവനിലെ സർപ്പസ്വഭാവവുമായി ബന്ധപ്പെട്ടതായിരുന്നു എന്ന സൂചന കർത്താവുമായുള്ള അവന്റെ സംഭാഷണത്തിൽ ഉണ്ട്. നമ്മുടെ സ്വാഭാവിക ആളത്തത്തിലുള്ള സർപ്പസ്വഭാവം നമ്മെ തിന്മ പ്രവർത്തിക്കുവാൻ മാത്രമല്ല, ജീവന്റെ വഴിയല്ലാത്ത വഴിയിലൂടെ, അറിവ്, ദൈവത്തെക്കുറിച്ചുള്ള അറിവുപോലും അന്വേഷിക്കുവാനും ഇടയാക്കുന്നു. ഇത്തരത്തിലുള്ള അറിവന്വേഷണം മരണത്തിന്റെ വഴിയിലും മരണത്തെ കൊണ്ടുവരുന്നതുമാണ്. നമ്മുടെ ആസ്വാദനത്തിനായി ദിവ്യജീവനെ സ്വീകരിക്കുവാൻ നാം എല്ലാവരും ഈ അറിവിന്റെ വഴിയിൽനിന്നും ജീവന്റെ വഴിയിലേക്ക് തിരിയേണ്ടതുണ്ട്.